# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.522 - 29/06/2015 - ലെ മറുപടിക്ക്**

## സംസ്ഥാനത്തിന്റെ കടബാധ്യത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ നാലു വർഷം പൂർത്തീകരിച്ചപ്പോൾ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ കടബാധ്യത ഒരോ വർഷവും എത്ര തുകയാണ്; ഇതിൽ ഓരോ വർഷവും ആളോഹരി എത്ര തുകയാണെന്ന് വ്യക്തമാക്കുമോ ; | ഈ സർക്കാർ നാലുവർഷം പൂർത്തീകരിച്ചപ്പോൾ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരമുള്ള സംസ്ഥാനത്തിന്റെ കടബാധ്യത, ആളോഹരി തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>(പട്ടിക താഴെ)<br><br>(*അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്കുകൾ പ്രകാരം) |
| (ബി) ഈ സർക്കാർ അധികാര മേറ്റപ്പോൾ ആയത് എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ ; | ഈ സർക്കാർ അധികാരമേറ്റപ്പോൾ കടബാധ്യത 31.03.2011 വരെ 78673.24 കോടി രൂപയും ആളോഹരി തുക 23625.60 രൂപയുമായിരുന്നു. |
| (സി) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം സർക്കാർ ഓരോ വർഷവും കേന്ദ്ര സർക്കാരിൽ നിന്നും മറ്റു സ്വദേശ/വിദേശ സ്ഥാപനങ്ങളിൽ നിന്നും അന്താരാഷ്ട്ര സ്ഥാപനങ്ങളിൽ നിന്നും എത്ര തുക കടം വാങ്ങിയിട്ടുണ്ട് എന്നു വ്യക്തമാക്കുമോ ; | ഈ സർക്കാരിന്റെ നാലുവർഷ കാലയളവിൽ കേന്ദ്രസർക്കാരിൽ നിന്നും(വിദേശ സഹായ പദ്ധതി), സ്വദേശ സ്ഥാപനങ്ങൾ, പൊതു വിപണി മുതലായവയിൽ നിന്നും എടുത്തിട്ടുള്ള വായ്പകളും തിരിച്ചടവും സംബന്ധിച്ചിട്ടുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |
| (ഡി) ഇവയിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ എത്ര തുക തിരിച്ചടച്ചു; എത്ര സ്ഥാപനങ്ങളിൽ അടയ്ക്കേണ്ട സമയം ആയിട്ടില്ല എന്നും | |

| | 2011-12 | 2012-13 | 2013-14 | 2014-15* |
|---|---|---|---|---|
| കടബാദ്ധ്യത (തുക കോടിയിൽ) | 89418.18 | 103560.84 | 119009.07 | 133701.15 |
| ആളോഹരി കടം (രൂപയിൽ) | 26771.91 | 30913.68 | 35314.26 | 39673.93 |

(*അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്കുകൾ പ്രകാരം)

എങ്കിൽ എപ്പോളാണ് അടയ്ക്കേണ്ട തെന്നും വിശദമാക്കുമോ; കേന്ദ്ര ലോൺ എടുത്ത വകയിൽ നാലു വർഷ കാലയളവിൽ എഴുതുത്തള്ളിയിട്ടുള്ള തുക എത്ര ; അത് ഏതു കാലയളവിൽ ആണെന്ന് വ്യക്തമാക്കുമോ ;

| വർഷം | ആഭ്യന്തര വായ്പ (പൊതുവിപണി, സ്വദേശ/ഏജൻസികൾ മുതലായവ) | | കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പ (വിദേശ സഹായ വായ്പ) | |
|---|---|---|---|---|
| | വായ്പ | വായ്പ തിരിച്ചടവ് | വായ്പ | വായ്പ തിരിച്ചടവ് |
| 2011-12 | 9391.82 | 2522.52 | 407.15 | 370.54 |
| 2012-13 | 12708.89 | 2477.88 | 552.29 | 326.20 |
| 2013-14 | 14069.17 | 2893.23 | 392.02 | 351.58 |
| 2014-15* | 17756.71 | 5493.14 | 752.47 | 340.09 |

* അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം

മേൽ കാലയളവിൽ കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകൾ ഒന്നും തന്നെ എഴുതി തള്ളിയിട്ടില്ല.

(ഇ) ഈ സർക്കാർ കാലയളവിൽ ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം സംസ്ഥാന കടത്തിന്റെ തിരിച്ചടവിനായി കൺസോളിഡേറ്റഡ് സിങ്കിംഗ് ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ; അതിലേക്ക് നിക്ഷേപം നടത്തി യിട്ടുണ്ടോ; എങ്കിൽ എത്ര;

21.08.2004 ലെ സ.ഉ.(പി) നം.384/2004/ധന ഉത്തരവ് പ്രകാരം കടത്തിന്റെ തിരിച്ചടവിനായി സംസ്ഥാനം കൺസോളിഡേറ്റഡ് സിങ്കിംഗ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ടിലേയ്ക്ക് നാളിതുവരെ 1248.81 കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്.

(എഫ്) ഇതുവഴി ഉയർന്ന പലിശയുള്ള എത്ര തുകയ്ക്കുള്ള എത്ര ലോണുകൾ ക്ലോസ് ചെയ്യുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ ?

കൺസോളിഡേറ്റഡ് സിങ്കിംഗ് ഫണ്ടിൽ നിന്നുള്ള പലിശ ഉപയോഗിച്ച് NCDC, LIC എന്നിവയിൽ നിന്നുള്ള 340.05 കോടി രൂപയുടെ വായ്പ തിരിച്ചടച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ